# വിശ്വജ്യോതി എൻജി. കോളജിൽ സെമിനാർ സമാപിച്ചു

വാഴക്കുളം: വിശ്വജ്യോതി എൻജിനീയറിംഗ് കോളജിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഡിപ്പാർട്ട്മെന്റ് സംഘടിപ്പിച്ച സെമിനാർ സമാപിച്ചു.

ആർട്ടിഫിഷ്യൽ ഇന്റലിജൻസിലും ഡാറ്റാ സയൻസിലും ഉള്ള സാധ്യതകൾ എന്ന വിഷയത്തിൽ കൊച്ചി ടി.സി.എസിലെ വിദഗ്ധർ ക്ലാസുകൾ നയിച്ചു. സമാപന സമ്മേളനത്തിൽ കോളജ് പ്രിൻസിപ്പൽ ഡോ. കെ.കെ. രാജൻ, വൈസ് പ്രിൻസിപ്പൽ സോമി പി. മാത്യു, ഡോ. മെൽവിൻ സി. ജോസ് തുടങ്ങിയവർ സംസാരിച്ചു.

ഐ.ടി. ഇൻഡസ്ട്രിയിലെ ഏറ്റവും പ്രാമുഖ്യമുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് വിഭാഗത്തിലെ വിവിധ വിഷയങ്ങളിൽ നടത്തിയ സെമിനാർ അവസാന വർഷ വിദ്യാർഥികളുടെ പ്രോജക്റ്റ് വർക്കുകളിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിന്റെ അനന്ത സാധ്യതകൾ വിനിയോഗിക്കാൻ വിദ്യാർഥികൾക്ക് സഹായകമാകും.